## കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

## കാർഷിക സമഗ്രവികസന തരിശുരഹിത പഞ്ചായത്തും

# നാട്ടുണർവ്വ് പഞ്ചായത്തുതല പദ്ധതി

### ആമുഖം

'കാർഷിക വികസനവും തരിശുരഹിത പഞ്ചായത്തും' പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കാൻ വേണ്ട ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് അടിത്തറ പാകുന്നതിനു വേണ്ടി 5 ദിവസം കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് 'നാട്ടുണർവ്വ്' പദ്ധതി.

### ഉദ്ദേശ ലക്ഷ്യങ്ങൾ

- മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണത്തിന്റെ പ്രസക്തി, പ്രാധാന്യം ജനങ്ങളിലെത്തിക്കുക.
- പരമാവധി വിളവിസ്തൃതി കൂട്ടുവാനും, തരിശുരഹിത പഞ്ചായത്തിന്റെ പ്രസക്തിയും പ്രാധാന്യവും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.
- കൂലി ലാഭകരമാക്കുന്നതിന്റെ സാദ്ധ്യതകളും ഉദ്പാദന ക്ഷമത വർദ്ധിപ്പിക്കേണ്ട ആവശ്യകതയും ജനങ്ങളെ ബോധ്യപ്പെടുത്തുക.
- മേൽപറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സമഗ്രകാർഷിക വികസന പദ്ധതി രൂപം നൽകേണ്ടതിന്റെയും സംയോജിതപദ്ധതി ഉണ്ടാകേണ്ടതിന്റെയും ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.
- കേരളത്തിന്റെ കാലാവസ്ഥാ പ്രത്യേകതകളും കൃഷിയും നാട്ടറിവും ജനകീയ കാർഷിക ബോധവൽക്കരണത്തിന്റെ ഉപകരണമാക്കുക.
- പഞ്ചായത്തിലെ ആബാലവൃദ്ധം ജനങ്ങളിലും കാർഷികചിന്ത ഉണർത്തുകയും കൃഷിപ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുക.
- കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്തും പദ്ധതി എങ്ങനെയാണ് മേൽപറഞ്ഞ ഉദ്ദേശ ലക്ഷ്യങ്ങൾ നേടുന്നതെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.

### ഈ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ നടത്തേണ്ട പ്രവർത്തനങ്ങൾ

**1.** പഞ്ചായത്ത് ഭരണസമിതിക്കും പഞ്ചായത്തുതലത്തിൽ രൂപം നൽകപ്പെടുന്ന ഉപദേശകസമിതി, കാർഷിക കർമ്മസേന, അഗ്രികൾച്ചറൽ ടെക്നിഷ്യൻസ് എന്നിവർക്കും വിശദമായ പരിശീലനം നൽകുക. സംസ്ഥാനാടിസ്ഥാനത്തിൽ ഈ പരിശീലനം നാട്ടുണർവ്വ് പദ്ധതിക്കു മുൻപ് നടപ്പാക്കും.

**2.** പഞ്ചായത്ത് തലങ്ങളിൽ അതിവിപുലമായ സംഘാടക സമിതികൾ രൂപീകരിക്കണം. വിവിധ രാഷ്ട്രീയ കക്ഷികൾ, സാമൂഹിക സാംസ്കാരിക മത സംഘടനകൾ, ലൈബ്രറി പ്രവർത്തകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിളിച്ചു ചേർക്കണം. യോഗത്തിന് ദൃശ്യമാധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും പോസ്റ്ററിലൂടെയും മൈക്ക് അനൗൺസ്മെന്റിലൂടെയും പ്രചരണം നൽകണം.

### വിളിച്ചു ചേർക്കേണ്ടവർ

1. വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ
2. സാമൂഹിക സംഘാടകർ
3. സാംസ്കാരിക വായനശാലാ പ്രവർത്തകർ
4. വിദ്യാഭ്യാസ സ്ഥാപനങ്ങൾ
5. സർക്കാർ ഉദ്യോഗസ്ഥർ

**യോഗത്തിനു മുന്നൊരുക്കങ്ങൾ**

1. പ്രചാരണം
    a പത്രദൃശ്യമാധ്യമങ്ങൾ
    b ലോക്കൽ ദൃശ്യമാധ്യമങ്ങൾ

c ബോഡുകൾ, പോസ്റ്ററുകൾ
d മൈക്ക് അനൗൺസ്മെന്റ്

2. യോഗത്തിന് കൃത്യമായ ആസൂത്രണം

1. പഞ്ചായത്ത് ഭരണ സമിതി, ഉപദേശക സമിതി, കാർഷിക കർമ്മസമിതി യോഗം ചേരണം.
2. മന്ത്രി, എം.പി, എം.എൽ.എ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്-പങ്കെടുപ്പിക്കൽ
3. യോഗം 2 മണിക്കൂറിൽ അവസാനിപ്പിക്കണം.
4. പദ്ധതി വിശദമായി ഉദ്ഘാടക യോഗത്തിന് ആമുഖമായി അവതരിപ്പിക്കണം. ആളെ തീരുമാനിക്കണം.
5. നാട്ടുണർവ് പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിക്കണം. ചുമതല തീരുമ്മനിക്കണം. (പദ്ധതി തയ്യാറാക്കണം)
6. തുടർന്ന് ഉദ്ഘാടന യോഗം-സമയം തീരുമാനിക്കണം.
7. വാർഡ്തല സംഘാടക സമിതികൾ തീരുമനിക്കണം. വിശദാംശം തയ്യാറാക്കണം.
8. അഗ്രിടെക്നിഷന്റെ യൂണിഫോം-സംസ്ഥാനത്ത് ആകെ പച്ചനിറത്തിലുള്ള ഓവർകോട്ടാണ്-അറേഞ്ച് ചെയ്യുന്നതെങ്ങനെ ചർച്ച ചെയ്യണം.
9. കർമ്മസേനയുടെ പൗരാവകാശ രേഖ തയ്യാറാക്കണം.
10. അഗ്രിടെക്നീഷൻസ് വർക്ക് ഷെഡ്യൂൾ തയ്യാറാക്കണം.
11. പഞ്ചായത്തുതലത്തിലെ പഴയ കർഷകരെ കണ്ടെത്തുകയും സ്പോൺസർഷിപ്പിലൂടെ സമ്മാനം കണ്ടെത്തുകയും വേണം.

## സംഘാടകസമിതി യോഗത്തിൽ ശ്രദ്ധിക്കേണ്ടകാര്യം

1. കാർഷിക സമഗ്രവികസനവും തരിശുരഹിത പഞ്ചായത്ത് പദ്ധതി വിശദാംശവും നാട്ടുണർവ് പദ്ധതിയും യോഗത്തിൽ പങ്കെടുത്തവർക്ക് ബോദ്ധ്യപ്പെടുത്തണം.
2. നാട്ടുണർവ്വ് പദ്ധതി നടത്തിപ്പിനാവശ്യമായ സംഘാടന-സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടാക്കണം.
3. ചെലവുകുറഞ്ഞ തരത്തിലും പ്രായോഗിക പ്രവർത്തനങ്ങൾക്കും, പ്രാദേശിക വികസന പ്രചരണ രീതികൾക്കും പ്രാധാന്യം നൽകണം.
4. പ്രചരണ രീതികൾക്കും പ്രാധാന്യം നൽകണം.
4. ചുമതലകൾ കൃത്യമായും നിശ്ചയിച്ച സബ്കമ്മിറ്റി കലണ്ടറുകൾ

നാട്ടുണർവ്വ് പദ്ധതി വിശദാംശം

1. 2013 മെയ് 15 മുതൽ ജൂലയ് 5 വരെയുള്ള 50 ദിവസം നീണ്ടു നിൽക്കുന്ന പഞ്ചായത്തുതല ജനകീയ കാർഷിക പരിപാടി

കാലവർഷത്തിനു മുന്നോടിയായി ജനങ്ങളിൽ കാർഷികചിന്ത വളർത്തുകയും കാർഷിക പ്രവർത്തനത്തിലേർപ്പെടാൻ പ്രേരിപ്പിക്കുകയും ആവശ്യക്കാർക്ക് നടീൽ വസ്തുക്കളും കാർഷിക സേവനങ്ങളും എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന വിവിധ പ്രചരണ പ്രായോഗിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പരിപാടിയാണിത്.

ഉത്ഘാടന നടപടി

മന്ത്രി, എം.പി,എം.എൽ.എ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ ലഭ്യമായ ആളുകളെ ഉത്ഘാടന യോഗത്തിൽ പങ്കെടുപ്പിണം.

കാർഷിക സമഗ്ര വികസനവും തരിശുരഹിത പഞ്ചായത്തും പദ്ധതി ഉപദേശക സമിതി, കർമ്മസമിതി, അഗ്രിടെക്നിഷൻസ് തുടങ്ങിയ പദ്ധതികളെക്കുറിച്ച് വിശദമായ അവതരണം പരിചയപ്പെടുത്തൽ എന്നിവ ഉണ്ടാവണം.

അഗ്രിടെക്നിഷൻസ് ഐഡന്റിറ്റികാർഡ് വിതരണം ചെയ്യണം.

അഗ്രിടെക്നിഷൻസ് സത്യപ്രതിജ്ഞ ഉണ്ടാകണം (അനുബന്ധംകഢ)

പഴയകർമ്മകരെ ആദരിക്കൽ

തിരുവാതിര ഞാറ്റുവേലക്കാലം പാഴാക്കില്ല. ജനകീയ നടീൽ ഉത്സവ** പ്രഖ്യാപിക്കൽ (വിശദാംശം അനുബന്ധം 1 പ്രസിഡന്റിന്റെ കത്തിൽ)

എന്ത്കൊണ്ട് മെയ് 15 മുതൽ ജൂലയ് 5 വരെ ജനകീയ കാർഷിക പരിപാടി നടത്തുന്നു എന്നത് കൃഷി ആഫീസർ വിശദീകരിക്കണം. (അനുബന്ധം ഢ)

## വാർഡുതല ഉദ്ഘാടനവും പ്രവർത്തനങ്ങളും

പഞ്ചായത്തിലെ ഉദ്ഘാടനം നടന്നുകഴിഞ്ഞാൽ എല്ലാവാർഡിലും ജൂൺ 5ന് വാർഡുതല ഉദ്ഘാടനം നടത്തണം. മുന്നോടിയായി വാർഡിലെ സംഘാടകസമിതി രൂപീകരിക്കണം.

**മുന്നൊരുക്കങ്ങൾ**

1. പോസ്റ്ററുകൾ, മറ്റുപ്രചരണങ്ങൾ
2. വീടുകൾ കയറിയുള്ള പ്രചാരണം

ജൂൺ 5ന് വാർഡിലെ ഒരു സ്ഥലത്ത് (നേരത്തെ കണ്ടെത്തിയ തരിശുസ്ഥലം) ഗ്രാമവാസികൾ വൈകുന്നേരം 5 മണിക്ക് യോഗം ചേരുന്നു. തുടർന്ന് തിരുവാതിര ഞാറ്റുവേലക്കാലം ഞങ്ങൾ പാഴാക്കില്ല പദ്ധതി വിശദാംശം അവതരിപ്പിക്കുന്നു. ജൂൺ 6 മുതൽ 15 വരെയുള്ള വാർഡ് സംഘാടകസമിതിയുടെ നേതൃത്വത്തിൽ കുടുംബസന്ദർശന പരിപാടി നടക്കുന്നു. പദ്ധതി വിശദീകരണം, കാർഷിക കർമ്മസേനയും, അഗ്രിടെക്നിഷൻസിന്റെയും സേവനങ്ങൾ വീടുകളിൽ പറയുന്നു. അഗ്രിടെക്നിഷൻസിന്റെ സേവനങ്ങൾ ആവശ്യമുള്ളവരുടെ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നു. നടീൽവസ്തുക്കൾ ആവശ്യമുള്ളവരുടെ ലിസ്റ്റുകൾ ശേഖരിക്കുന്നു. ജൂൺ 7 മുതൽ അഗ്രിടെക്നിഷൻസിന്റെ നടീൽ** തയ്യാറാക്കൽ പോലുള്ള ആളുകൾക്ക് ആവശ്യമായ കാർഷിക കർമ്മസേന ടെക്നിഷ്യൻസ് നൽകുന്നു. ജൂൺ 16 മുതൽ 21 വരെ വാർഡുതല സംഘാടകസമിതി ജനങ്ങൾക്ക് ആവശ്യമായ നടീൽ വസ്തുക്കൾ കർഷകർക്ക് എത്തിക്കുന്നു. ജൂൺ 22 മുതൽ ജനങ്ങൾ നടീൽ വസ്തുക്കൾ നട്ടുപിടിപ്പിക്കുന്നു. ഇത് ജൂലായ് 5 വരെ തുടരുന്നു. ഇതാണ് തിരുവാതിര ഞാറ്റുവേലക്കാലം ഞങ്ങൾ പാഴാക്കില്ല. ജനകീയ കാർഷിക നടീൽ ഉത്സവ പരിപാടി.
തുടർന്ന് വാർഡുതല ഗ്രാമപ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു. അനുബന്ധം കഢ)

സംഘാടകസമിതിക്ക് രക്ഷാധികാരികളും, പഞ്ചായത്തു പ്രസിഡന്റ്, ചെയർമാനും കൃഷി ആഫീസർ ജനറൽ കൺവീനറും ആയി ഉണ്ടായിരിക്കണം.
താഴെപറയുന്ന കമ്മിറ്റികൾ *** രൂപീകരിക്കണം
1. തരിശു സ്ഥലം നിർണ്ണയ സബ്കമ്മിറ്റി
കൃഷിയോഗ്യമായ തരിശുസ്ഥലങ്ങൾ കണ്ടെത്തൽ. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും കാർഷിക കർമ്മസേന പ്രതിനിധിയും, കൃഷി ഉദ്യോഗസ്ഥരും അടങ്ങുന്ന കമ്മിറ്റി ആയിരിക്കണം. (25 അംഗങ്ങൾ കൂടുതൽ ആകരുത്). ഈ തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകരേയും, ഗ്രൂപ്പുകളേയും (കുടുംബശ്രീ) ഈ കമ്മിറ്റി കണ്ടുപിടിക്കണം. വ്യവസ്ഥകൾ ഈ കമ്മിറ്റി ഉണ്ടാക്കണം. കൃഷികലണ്ടർ തയ്യാറാക്കുക. അഗ്രിടെക്നിഷൻസ് സേവനങ്ങൾ ലഭ്യമാക്കുക എന്നിവയും ഈ സബ്കമ്മിറ്റിയുടെ നേതൃത്വത്തിലാണ് നടക്കേണ്ടത്.
2. നടീൽവസ്തു സംഭരണ വികസന സബ്കമ്മിറ്റി
തിരുവാതിര ഞാറ്റുവേലക്കാലത്ത് (ജൂൺ 22 മുതൽ ജൂലയ് 5 വരെ) പഞ്ചായത്തിലെ ജനങ്ങൾക്ക് നടുവാൻ ആവശ്യമായ നടീൽവസ്തുക്കൾ സംസ്കരിച്ച് വിപണനം നടത്തുവാൻ കർമ്മസമിതി അംഗങ്ങൾ ഉൾപ്പെടുന്ന സബ്കമ്മിറ്റി രൂപീകരിക്കണം., ഫലവൃക്ഷതൈകൾ തുടങ്ങി ജനങ്ങൾക്ക് ആവശ്യമായ മുഴുവൻ നടീൽവസ്തുക്കളും ഈ സമിതി എത്തിക്കണം. ജൂൺ 5 മുതൽ ജൂൺ 15 വരെയുള്ള 10 ദിവസം കൊണ്ട് ആവശ്യക്കാരുടെ ലിസ്റ്റ് എടുക്കണം. നഴ്സറിക്കാരുമായി സംസാരിച്ച് അവരുടെ വിപണനവിലക്ക് അകത്തുനിറുത്തി ചിലവുകൾ കണ്ടെത്തണം.
3. വാർഡുതല സബ്കമ്മിറ്റികൾ
വാർഡുതല പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ എല്ലാവരും വാർഡുതല സബ്കമ്മിറ്റി രൂപീകരിക്കണം. പഞ്ചായത്തുമെമ്പർ, പ്രസിഡന്റ് കർമ്മ സമിതി അംഗം സെക്രട്ടറിയുമായിരിക്കും. 4. പ്രചരണ സബ്കമ്മിറ്റി പ്രാദേശിക പ്രചരണരീതികൾക്ക് മുൻതൂക്കം നൽകുന്നതിനും പ്രചരണ കമ്മിറ്റിക്ക് രൂപം നൽകണം.

കർഷകരെ ആദരിക്കൽ
കൃഷി ആപീസറുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ പഴയ കർഷകരെ ആദരിക്കുന്ന പരിപാടി ഉണ്ടാക്കണം.
പദ്ധതിയെ സംബന്ധിച്ച് വിശദാംശം വെളിവാക്കുന്ന കലാപരിപാടികൾ കാർഷക സെമിനാറുകൾ കലാസാംസ്കാരിക സംഘടനകളുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആസൂത്രണം ചെയ്യാം.

തുടർന്ന് പഞ്ചായത്തിലെ എല്ലാ പാടങ്ങളിലും അനുബന്ധം 1 ലെ വാർഡുതലത്തിലുള്ള ഉദ്ഘാടനവും മറ്റു പ്രവർത്തനങ്ങളും നടക്കുന്നു.

അനുബന്ധം ഢ

ജനകീയ കാർഷിക പരിപാടി (നാട്ടുണർവ്വ്) എന്തുകൊണ്ട് മെയ് 15 മുതൽ

1. കടുത്തവേനലിനുശേഷം ലഭിക്കുന്ന മഴ വെള്ളത്തെ പരമാവധി മണ്ണിലാക്കുന്നതുവഴി കുറഞ്ഞുകൊണ്ടിരിക്കുന്ന ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ കഴിയും.
2. കമ്പോസ്റ്റ് കുഴിപോലുള്ളവ നിർമ്മിച്ച് **വസ്തുക്കൾ ഇടുകവഴി മഴക്കാലപൂർവ്വരോഗങ്ങളെ ചെറുക്കാൻകഴിയും.
3. തെങ്ങ് തടംതുറക്കാനും വളപ്രയോഗം നടത്തുവാനും നെൽകൃഷി ആരംഭിക്കുവാനും പറ്റിയസമയം
4. തിരുവാതിര ഞാറ്റുവേലക്കാലം
5. മലയാളിയുടെ ഗൃഹാതുരത്വകാർഷികഓർമ്മ